REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-05-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- അഞ്ചാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യ നാല് മണിക്കൂറിൽ സാമാന്യം ഭേദപ്പെട്ട പോളിംഗ്.
- ഇറാൻ പ്രസിഡന്റ് ഇബ്രാഹിം റെയ്സി ഹെലികോപ്റ്റർ ദുരന്തത്തിൽ മരിച്ചതായി ഇറാൻ ഔദ്യോഗികമായി സ്ഥിരീകരിച്ചു.
- സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. പ്രളയ സാധ്യത ഇല്ലെന്ന് മന്ത്രി K. രാജൻ.
- പകർച്ചവ്യാധികൾക്കെതിരെ ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ജാഗ്രതാ നിർദേശം നൽകിയതായി മന്ത്രി വീണാ ജോർജ്.
- IPL ക്രിക്കറ്റിൽ ആദ്യ ക്വാളിഫൈയറിൽ നാളെ സൺ റൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

**അഞ്ചാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യ നാല് മണിക്കൂറിൽ സാമാന്യം ഭേദപ്പെട്ട പോളിംഗുണ്ടായി. രാവിലെ 11 വരെ പശ്ചിമ ബംഗാളിൽ ഏറ്റവും ഉയർന്ന പോളിംഗ് രേഖപ്പെടുത്തി - 32.7 ശതമാനം. മുൻ ഘട്ടങ്ങളിലേതു പോലെ മഹാരാഷ്ട്രയിലാണ് ഏറ്റവും കുറഞ്ഞ പോളിംഗ് - 15.93 ശതമാനം. ഒഡീഷ - 21.07, ബീഹാർ 21.11, ജമ്മുകശ്മീർ -21.37,**

ജാർഖണ്ഡ് - 26.18, ഉത്തർ പ്രദേശ് - 27.76, ലഡാക്ക് - 27.87, എന്നിങ്ങനെയാണ് മറ്റിടങ്ങളിലെ വോട്ടിംഗ് ശതമാനം.

രാവിലെ ഏഴിന് ആരംഭിച്ച പോളിംഗ് വൈകിട്ട് ആറിന് അവസാനിക്കും. 49 മണ്ഡലങ്ങളിലാണ് ഇന്ന് വിധിയെഴുതുന്നത്. ഒഡിഷയിലെ 35 നിയമസഭാ മണ്ഡലങ്ങളിലേക്കും ഇതോടൊപ്പം വോട്ടെടുപ്പ് നടക്കുന്നുണ്ട്.

ഉത്തർപ്രദേശിലെ 14, മഹാരാഷ്ട്രയിലെ 13, പശ്ചിമ ബംഗാളിലെ ഏഴ്, ഒഡീഷയിലും ബിഹാറിലും അഞ്ച് വീതം, ഝാർഖണ്ഡിലെ മൂന്ന്, ജമ്മു കശ്മീരിലും ലഡാക്കിലും ഓരോ സീറ്റ് എന്നിവയിലാണ് ഇന്ന് വോട്ടെടുപ്പ്.

BJP നേതാക്കളും കേന്ദ്രമന്ത്രിമാരുമായ രാജ്നാഥ്സിംഗ്, പിയൂഷ് ഗോയൽ, സ്മൃതി ഇറാനി, കോണ്ഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, KL ശർമ്മ, നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള, LJP നേതാവ് രാംവിലാസ് പാസ്വാൻ വിഭാഗത്തിലെ ചിരാഗ് പാസ്വാൻ എന്നിവർ ഇന്ന് ജനവിധി തേടുന്ന പ്രമുഖരിൽപ്പെടുന്നു.

കഴിഞ്ഞ നാല് ഘട്ടങ്ങളിലായി 23 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങിലെയും 379 ലോക്സഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് പൂർത്തിയായത്. ഇനി രണ്ട് ഘട്ടങ്ങൾ കൂടി ശേഷിക്കുന്നു. ആറാം ഘട്ടം അടുത്ത ശനിയാഴ്ചയും, അവസാന ഘട്ടം അടുത്ത മാസം ഒന്നിനുമാണ്. 543 മണ്ഡലങ്ങളിലെയും ജനവിധി അടുത്ത മാസം നാലിന് അറിയാം.

✪✪✪

ഇന്നത്തെ തെരഞ്ഞെടിപ്പിൽ എല്ലാവരും വോട്ട് ചെയ്ത് വോട്ടിംഗിൽ പുതിയ റെക്കോർഡ് സൃഷ്ടിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭ്യർത്ഥിച്ചു. ജനാധിപത്യത്തിന്റെ ഉത്സവത്തിൽ ഭരണഘടനാപരമായ അവകാശങ്ങൾ വിനിയോഗിക്കാൻ സ്ത്രീകളോടും യുവാക്കളോടും മോദി പ്രത്യേകം ആഹ്വാനം ചെയ്തു.

✪✪✪

ഇറാൻ പ്രസിഡന്റ് ഇബ്രാഹിം റെയ്സി ഹെലികോപ്റ്റർ ദുരന്തത്തിൽ മരിച്ചതായി ഇറാൻ ഔദ്യോഗികമായി സ്ഥിരീകരിച്ചു. അസർബൈജാനിൽ അണക്കെട്ട് ഉദ്ഘാടനത്തിനു ശേഷം മടങ്ങുകയായിരുന്ന ഹെലികോപ്റ്റർ, വടക്ക് - പടിഞ്ഞാറൻ ഇറാനിലെ വിദൂര വനപ്രദേശമായ ജോൾഫയ്ക്കടുത്ത് തകരുകയായിരുന്നു. വിദേശകാര്യ മന്ത്രി ഹുസൈൻ അമീർ അബ്ദുള്ളാഹിയാൻ, പ്രവിശ്യാ ഗവർണർ മാലിക് റഹ്മത്തി തുടങ്ങിയവരും ഹെലികോപ്റ്ററിൽ ഉണ്ടായിരുന്നു.

അപകട സ്ഥലത്ത് എത്തിയ രക്ഷാ സംഘത്തിന് ജീവനോടെ ആരെയും കണ്ടെത്താനായില്ലെന്നാണ് ഔദ്യോഗിക ടെലിവിഷൻ അറിയിച്ചത്. ഇന്നലെ ഉച്ചയ്ക്ക് ശേഷം കനത്ത മൂടൽ മഞ്ഞിലും പ്രതികൂല കാലാവസ്ഥയിലും ഹെലികോപ്റ്റർ ഇടിച്ച് ഇറങ്ങുകയായിരുന്നുവെന്നാണ് വിലയിരുത്തുന്നത്.

ഇറാൻ പ്രസിഡന്റ് ഇബ്രാഹിം റെയ്സിയുടെ ദാരുണമായ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അഗാധമായ ദുഃഖവും ഞെട്ടലും രേഖപ്പെടുത്തി. ഇന്ത്യ - ഇറാൻ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് റെയ്സ് നൽകിയ സംഭാവനകൾ എന്നും സ്മരിക്കപ്പെടുമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഈ ദുഃഖവേളയിൽ ഇന്ത്യ ഇറാനൊപ്പം നിൽക്കുന്നുവെന്ന് നരേന്ദ്രമോദി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. അതിതീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് നാല് ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രതയും, തീവ്രമഴ ലഭിക്കാനിടയുള്ളതിനാൽ മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലാണ് ചുവപ്പ് ജാഗ്രത. തിരുവനന്തപുരം, കൊല്ലം, എറണാകുളം ജില്ലകൾക്കാണ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചത്. തൃശൂർ, പാലക്കാട്, മലപ്പുറം,കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്ക് ഏർപ്പെടുത്തി. വ്യാഴാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിലാണ് കാറ്റിന് സാധ്യത.

✪✪✪

സംസ്ഥാനത്ത് പ്രളയ സാധ്യതാ പ്രവചനമില്ലെന്നും ആശങ്ക വേണ്ടെന്നും മന്ത്രി K. രാജൻ തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. മഴയുടെ പശ്ചാത്തലത്തിൽ അനാവശ്യ പ്രചാരണങ്ങൾ നടത്തരുതെന്നും മന്ത്രി ആവശ്യപ്പെട്ടു.

കേരളത്തിലെ എല്ലാ കളക്ട്രേറ്റുകളിലും താലൂക്ക് ഓഫീസുകളിലും എമർജൻസി ഓപ്പറേഷൻ സെന്റർ തുടങ്ങിട്ടുണ്ട്. ആവശ്യമെങ്കിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കാൻ നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു.

റെഡ് അലർട്ട് പ്രഖ്യാപിച്ച സ്ഥലങ്ങളിൽ വിനോദ സഞ്ചാരികൾക്ക് നിയന്ത്രണത്തിന് നിർദ്ദേശം നൽകിട്ടുണ്ടെന്നും K. രാജൻ അറിയിച്ചു.

✪✪✪

ഇന്ന് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച എറണാകുളം ജില്ലയിലെ പല ഭാഗങ്ങളിലും രാവിലെ വ്യാപകമായ മഴ ലഭിച്ചു. ജില്ലയുടെ കിഴക്കൻ മേഖലകളിൽ മഴ ശക്തമായിരുന്നു. കൊച്ചി നഗരത്തിലെ ചില താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടു.

✪✪✪

തൃശ്ശൂർ ജില്ലയിൽ ശക്തമായ മഴ പെയ്യുകയാണ്. NDRFന്റെ രണ്ട് ടീമുകൾ തൃശ്ശൂരിൽ ക്യാമ്പ് ചെയ്യുന്നുണ്ട്.

✪✪✪

പാലക്കാട് ജില്ലയിൽ മഴ ശക്തമായതിനെ തുടർന്ന് ചങ്ങണാംകുന്ന് റെഗുലേറ്ററിലെ ജലനിരപ്പ് ഉയർന്നതായി

അധികൃതർ അറിയിച്ചു. ഈ സാഹചര്യത്തിൽ വെള്ളിയാങ്കല്ല് റെഗുലേറ്റർ തുറക്കേണ്ടതായി വരുമെന്നും ഭാരതപുഴയിൽ വെള്ളിയാങ്കല്ല് റെഗുലേറ്ററിന് താഴെ ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

✪✪✪

പത്തനംതിട്ട ജില്ലയിലും ശക്തമായ മഴ തുടരുകയാണ്. പ്രധാന ഡാമുകളിലും നദികളിലും ജലനിരപ്പ് കുറവായതിനാൽ മഴ കനത്താലും ജലനിരപ്പ് ഉടൻ അപകടാവസ്ഥയിലെത്താൻ സാധ്യതയില്ലെന്നാണ് വിലിയിരുത്തൽ.

റെഡ് അലാർട്ട് പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ജില്ലയിലെ മലയോര മേഖലകളിൽ 23വരെ രാത്രിയാത്രാ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ആലപ്പുഴ ജില്ലയിൽ ഇടവിട്ട് ശക്തമായ മഴ പെയ്തു കൊണ്ടിരിക്കുകയാണ്. ആലപ്പുഴ നഗരത്തിലും കുട്ടനാട്ടിലും തീരപ്രദേശങ്ങളിലും മഴ തുടരുകയാണ്. ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലാ ഭരണകൂടം മുൻകരുതൽ നടപടികൾ ശക്തമാക്കിയിട്ടുണ്ട്.

✪✪✪

ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ എല്ലാ ഖനന പ്രവർത്തനങ്ങളും ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവയ്ക്കണമെന്ന് മൈനിങ് ആൻഡ് ജിയോളജി വകുപ്പ് അറിയിച്ചു.

✪✪✪

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും കഴിഞ്ഞ രണ്ട് ദിവസമായി ശക്തമായ കാറ്റും ഇടിമിന്നലോട് കൂടിയ മഴയും തുടരുകയാണ്. കടൽ പ്രക്ഷുബ്ധമായതോടെ ദ്വീപുകൾക്കിടയിൽ സർവ്വീസുകൾ നടത്തിയിരുന്ന ഹൈസ്പീഡ് വെസ്സലുകൾ നിർത്തലാക്കി. ഇടിമിന്നൽ ജാഗ്രതാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി.

✪✪✪

സംസ്ഥാനത്ത് മഴ ശക്തമായ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ജാഗ്രതാ നിർദേശം നൽകിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. കാലാവസ്ഥാ മാറ്റത്തിന്റെ ഭാഗമായി പകർച്ച വ്യാധികൾ വ്യാപിക്കാൻ സാധ്യത മുൻ നിർത്തിയാണ് ജാഗ്രതാ നിർദേശമെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

വെള്ളം കയറുന്ന ആരോഗ്യ സ്ഥാപനങ്ങൾ ബദൽ ഒരുക്കങ്ങൾ പൂർത്തിയാക്കണം. മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ നേരത്തെ തന്നെ നിർദേശം നൽകിയിട്ടുണ്ട്. എല്ലാ പ്രധാന ആശുപത്രികളിലും ഫീവർ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്നും മന്ത്രി നിർദേശിച്ചു.

എലിപ്പനി, ഡെങ്കിപ്പനി എന്നിവയ്ക്ക് മഴക്കാലത്ത് സാധ്യത കൂടുതലാണ്. കൊതുകു കടി ഒഴിവാക്കാനും, അതിന്റെ ഉറവിടങ്ങൾ നശിപ്പിക്കാനും നടപടിയെടുക്കണം. ചളിയിലോ,

കെട്ടിക്കിടക്കുന്ന വെള്ളത്തിലോ ഇറങ്ങരുത്. അങ്ങനെ ചെയ്യേണ്ടി വന്നാൽ കൈകാലുകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകണം. വെള്ളത്തിൽ ജോലി ചെയ്യുന്നവർ നിർബന്ധമായും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സി സൈക്ലിൻ കഴിക്കേണ്ടതാണ്. വയറിളക്ക രോഗങ്ങൾക്കെതിരെയും പനികൾക്കെതിരെയും ജാഗ്രത പുലർത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

IPL ക്രിക്കറ്റിൽ നാളെ അഹമ്മദാബാദിൽ ഒന്നാം ക്വാളിഫൈയറിൽ സൺ റൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സനെ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. മറ്റന്നാൾ എലിമിനേറ്റർ മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, ബെംഗളൂരുവുമായി മത്സരിക്കും.

✪✪✪

കേരളാ ആരോഗ്യ സർവകലാശാലാ സംസ്ഥാനതല ഇന്റർസോൺ അത് ലറ്റിക്ക് മീറ്റ് കണ്ണൂർ ഗവ.മെഡിക്കൽ കോളേജ് സിന്തറ്റിക് ട്രാക്കിൽ ആരംഭിച്ചു. മൂന്നു ദിവസത്തെ മീറ്റിൽ ആരോഗ്യ സർവകലാശാല യിലെ ആയിരത്തിൽപ്പരം കായികതാരങ്ങൾ പങ്കെടുക്കുന്നുണ്ട്.

നാളെ രാവിലെ ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ മീറ്റ് ഉദ്ഘാടനം ചെയ്യും.

✪✪✪

ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പരമാധ്യക്ഷൻ മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്തയുടെ ഭൗതിക

ശരീരം തിരുവല്ല നിരണം സെൻറ് തോമസ് ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിൽ എത്തിച്ചു പ്രാർഥനാ ചടങ്ങുകൾ തുടങ്ങി.

നാളെ രാവിലെ ഒൻപതുവരെ ബിലീവേഴ്സ് കൺവൻഷൻ സെന്ററിൽ പൊതുദർശനത്തിന് വെയ്ക്കും. നാളെ രാവിലെ ഒൻപതിന് കബറടക്ക ശുശ്രൂഷയുടെ ഏഴാം ഘട്ടവും, 10 ന് വിലാപയാത്രയെ തുടർന്ന് 11-ന് കബറടക്കവും നടക്കും.

✪✪✪

കോഴിക്കോട് അത്തോളി സ്വദേശിയായ സൈനികൻ മേഘാലയയിലെ ചിറാപൂഞ്ചിയിൽ വെള്ളച്ചാട്ടത്തിൽ വീണു മരിച്ചു. കുനിയിൽ കടവ് സ്വദേശി അനീഷാണ് മരിച്ചത്. വിനോദയാത്രയ്ക്കിടെയായിരുന്നു അപകടം. നാളെ ഉച്ചയോടെ മൃതദേഹം നാട്ടിലെത്തിക്കാൻ ശ്രമം ആരംഭിച്ചു.

✪✪✪

കോഴിക്കോട് കുറ്റിക്കാട്ടുരിൽ AWH റോഡിൽ യുവാവ് ഷോക്കേറ്റു മരിച്ചു. പുവാട്ട് പറമ്പ് സ്വദേശി റിജാസ് ആണ് മരിച്ചത്. മഴ നനയാതെ കയറിനിന്ന കടയിലെ തൂണിൽ നിന്ന് ഷോക്കേൽക്കുകയായിരുന്നു.

✪✪✪

ഈ വർഷത്തെ ഹജ്ജിന് സംസ്ഥാനത്തു നിന്ന് ആദ്യ സംഘം ഇന്ന് അർദ്ധരാത്രിയ്ക്കു ശേഷം പുറപ്പെടും. കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് പുലർച്ചെ 12.05ന് എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ 86 പുരുഷൻമാരും, 80

വനിതകളുമുൾപ്പെടെ 166 അംഗ സംഘമാണ് യാത്ര തിരിക്കുക. നാളെ ഇതുൾപ്പെടെ മൂന്ന് വിമാനങ്ങളുണ്ട്.

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന 17,883 പേരാണ് കോഴിക്കോട്, കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങൾ വഴി പോകുന്നത്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ പ്രധാന ചടങ്ങുകളിലൊന്നായ നെയ്യാട്ടം നാളെ.

അക്കരെ കൊട്ടിയൂരിൽ നെയ്യഭിഷേകം ചെയ്യുന്നിനു നെയ്യ്ക്കലശവുമായി ജില്ലയിലെ വിവിധ ക്ഷേത്രങ്ങളിൽ നിന്നും മഠങ്ങളിൽ നിന്നും നെയ്യമൃത് സംഘങ്ങൾ കൊട്ടിയൂരിലേക്ക് തിരിച്ചു. നാളെ അർധരാത്രിയോടെ നെയ്യാട്ടത്തിന് തുടക്കമാവും. ബുധനാഴ്ചയാണ് ഭണ്ഡാരമെഴുന്നള്ളത്ത്. ഇതിന് ശേഷമാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

✪✪✪

കാസർഗോഡ് പടന്നക്കാട് വീട്ടിൽ ഉറങ്ങി കിടക്കുകയായിരുന്ന പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ച കേസിലെ പ്രതിയെ പോലീസ് തിരിച്ചറിഞ്ഞു.

നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ കർണാടക കുടക് സ്വദേശിയാണ് സംഭവത്തിന് പിന്നിലെന്ന് പോലീസ് പറഞ്ഞു. ഇയാൾ പെൺകുട്ടിയുടെ വീടിനടുത്ത് വാടക വീട്ടിൽ താമസിച്ചു വരികയായിരുന്നു.